മിസ്റ്റർ എ. മാധവപ്രഭു: അല്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം: വാരിക്ഷണങ്ങൾ കൊണ്ടുണ്ടാക്കിയിട്ടുള്ളതാണോ?

മിസ്റ്റർ എ. മാധവപ്രഭു: അതെ.

THEMBARAMADAKKU IRRIGATION SCHEME

188. Mr. N. V. Subbarayan Chettiar *(Nominated):*

താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ടു് ദയവായി മറുപടി പറയാമോ.—

(എ) തെമ്പാറമുടക്ക ഇറിഗേഷൻ സിസ്റ്റത്തിൽ മെയിൻറനൻസ്സിന്നു് വല്ല സംഖ്യയും കൂടുതൽ ചിലവു ചെയ്യാൻ ഗവൺമെണ്ടു് വിചാരിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അടുത്ത കൊല്ലത്തിലേക്കു് നല്ലേപ്പിള്ളി ബ്രാഞ്ചിൽ വെള്ളം തിരിക്കേണ്ട ആവശ്യമേ വേണ്ടിവരില്ലെന്നും, വെള്ളം തിരിച്ചാൽ വെള്ളം കയറുവാൻ ഇടയില്ലെന്നുമുള്ള സംഗതി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

Mr. V. K. Aravindaksha Menon *(Chief Engineer):*

(എ & ബി) ജലവിതരണം തൃപ്തികരമായി നടത്തുന്നതിന്നു് വേണ്ടിവരുന്നതായ എല്ലാ മെയിൻറനൻസ്സു് ജോലികളും ചെയ്യുന്നതാണു്.

189. Mr. N. V. Subbarayan Chettiar *(Nominated):*

താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ടു ദയവായി മറുപടി പറയാമോ.—

(എ) തെമ്പാറമുടക്ക ഇറിഗേഷനിൽ വെള്ളത്തിന്റെ ദുർവ്യയംകൊണ്ടു് ഇക്കൊല്ലത്തെ മുണ്ടകൻ വിളവിനു് വലുതായ നഷ്ടത്തിന്നു് ഇടയായിതീർന്നിട്ടില്ലേ;

(ബി) കമ്പാലത്തുറ ഏരി നന്നാക്കുന്നതിന്നു് ബ്രിട്ടീഷു് ഗവൺമെണ്ടിന്റെ അനുവാദം കിട്ടിയോ;

(സി) കിട്ടീട്ടില്ലെങ്കിൽ കഴിയുന്നവേഗം അനുവാദം വാങ്ങി മേലിലെങ്കിലും കൃഷിക്കു് നഷ്ടം നേരിടാതിരിപ്പാൻ ഗവൺമെണ്ടിന്നു് സന്മനസ്സുണ്ടാകുമോ?

Mr. V. K. Aravindaksha Menon *(Chief Engineer):*

(എ) തെമ്പാറമുടക്ക ഇറിഗേഷന്റെ ചില ഭാഗങ്ങളിൽ വെള്ളത്തിന്റെ ദുർവ്യയം കുറച്ചു ഉണ്ടായിട്ടുണ്ടു്.

(ബി) ഇല്ല.

(സി) ഇക്കാര്യത്തിൽ ഗവൺമെണ്ടു് കഴിയുന്നത്ര പരിശ്രമിക്കുന്നുണ്ടു്.

മിസ്റ്റർ എൻ. വി. സുബ്ബരായൻചെട്ടിയാർ: വെള്ളത്തിന്റെ ദുർവ്യയം ഉണ്ടായിട്ടു എത്രകാലമായി?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ. കുറച്ചുകാലമായി. ഇങ്ങിനെ അതിപ്രധാനമായിട്ടുള്ള ഇറിഗേഷൻ ജോലികൾ നടത്തുന്നതിന്നു കുറച്ചു് അധികം കാലം പിടിക്കുന്നതാണു്. അതിനെപ്പറ്റി ഇപ്പോൾ ഗവൺമെണ്ടു് വളരെ ജാഗ്രതയായിട്ടു നടപടി നടത്തുന്നതാണു്.

മിസ്റ്റർ എൻ. വി. സുബ്ബരായൻചെട്ടിയാർ: ബ്രിട്ടീഷു് ഗവൺമെണ്ടിലേക്കു് എഴുതിയയച്ചതിന്നു മറുപടി എന്നു കിട്ടും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ. ഫാ, ൨ ദിവസത്തിനുള്ളിൽ ഫോവർബിലായിട്ടുള്ള ഒരു റിപ്പു് വരുമെന്നാണു് വിചാരിക്കുന്നതു്.

—

Mr. K. M. Ibrahim *(Cranganur):* I humbly request the Hon'ble President to kindly allow me to put the next question because that is a matter which effects my constituency. Though the Hon'ble Member is absent, I request the Hon'ble President to please allow me to put the question.

Mr. President: Yes.

AZHIKODE-ARAKULAM BRIDGE

190. Khan Sahib Ismail Hajee Issa Sait *(Mattancheri):*

താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) അഴീക്കോട്ടു അരാകുളം റോഡിലെ പാലം പൊളിച്ചുമാറ്റീട്ടു എത്രകാലമായി;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത റോഡിൽ വാഹന ഗതാഗതം ഇല്ലാതായിട്ട് എത്ര കാലമായി ;

(സി) പൊളിച്ചുമാറിയ പാലം വീണ്ടും പണിയിക്കുവാൻ ഗവൺമെണ്ടിൽനിന്നും വല്ല നടപടികളും നടത്തീട്ടുണ്ടോ ; ഉണ്ടെങ്കിൽ എപ്പോഴാണു് ?

Mr. V. K. Aravindaksha Menon *(Chief Engineer):*

(എ) ഉദ്ദേശം രണ്ടു കൊല്ലവും രണ്ടു മാസവുമായി.

(ബി) മൂന്നു കൊല്ലവും ആറുമാസവുമായി.

(സി) ഒരു പുതിയ പാലം പണിയുവാൻ കാലസ്ഥിതി അനുസരിച്ചു ഒരു വലിയ സംഖ്യ വേണ്ടിവരുന്നതുകൊണ്ടും കൊട്ടങ്ങല്ലൂരിലെ ധനസ്ഥിതി ഇതിനു അനുകൂലമല്ലാത്തതുകൊണ്ടും, വാഹനഗതാഗതത്തിനു വേറെ സൌകര്യമുള്ള വഴികൾ ഉള്ളതുകൊണ്ടും, പുതിയപാലംപണി തല്ക്കാലത്തേക്കു നീട്ടിവെച്ചിരിക്കയാണു്. പക്ഷെ പൊതുജനങ്ങൾക്കു നടന്നുപോകുവാനും മറ്റും ഒരു താല്ക്കാലികപാലം—പഴയ പാലം പൊളിച്ചു ഉടനെതന്നെ പണിയിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം: ഒരു താല്ക്കാലിക പാലം ഉണ്ടെന്നു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ഇപ്പോൾ അവിടെ ഉണ്ടോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉവ്വു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം: പാലം ഉണ്ടെന്നു പറഞ്ഞതായ സ്ഥലത്തു ഇന്നലെ ഞാൻ വഞ്ചിക്കാണു് കടന്നുപോയതു്. അങ്ങിനെ ഒരു പാലം ഞാൻ അവിടെയെങ്ങും കണ്ടില്ല.

Mr. President: Order, order. Is the Hon'ble Member asking question?

Mr. K. M. Ibrahim *(Cranganur):* Yes, Sir. I am asking whether the Hon'ble Member has made himself sure that this temporary bridge is existing there now?

Mr. President: Are you suggesting that the answer given is incorrect?

Mr. K. M. Ibrahim *(Cranganur):* Yes, Sir.

Mr. President: You are not in order in doing that.

Mr. K. M. Ibrahim *(Cranganur):* My question is. is there a temporary bridge there now? It is only—

Mr. President: Ask that question and stop there.

Mr. V. K. Aravindaksha Menon *(Chief Engineer):* My latest information is that there is a temporary bridge there. *(Laughter).*

TUBERCULOSIS CLINIC—TRICHUR

191. Mrs. K. Joshua *(Womens-Trichur):* Will Government be pleased to state.—

(*a*) how many tuberculosis patients have been treated in the tuberculosis Clinic, Trichur;

(*b*) the number of patients who have fully recovered;

(*c*) whether Government are satisfied with its present location on the road side of the main Chittur-Trichur Bus Traffic besides heavy local Traffic passing in front of it;

(*d*) whether Government are aware that its location in such close proximity to the two hospitals for men and for women is a constant threat to the health of those who attend there and to the students of the neighbouring educational institutions and to the public in general;

(*e*) if it is a menace, what step the Government propose to take in the matter?

Rao Sahib Dr. T. Verghese *(Chief Medical Officer):* (*a*) 1,767.

(*b*) 355.

(*c*) Yes; but it would be a distinct advantage if the road on that side is tarred or concreted to render it dustless.

(*d*) No. The nearness of a clinic to public road or other institution is no danger to the public.

(*e*) No answer is necessary in view of answer to (*d*).

മിസ്സിസ് കെ. ജോഷ്വാ: ട്യൂബർകുലോസിസ് ക്ലിനിക്ക് പണിയിച്ചിരിക്കുന്ന സ്ഥലം ഗവൺമെണ്ടിന്റെ വകയാണോ ?

Rao Sahib Dr. T. Verghese *(Chief Medical Officer):* Yes.

മിസ്സിസ് കെ. ജൊഷ്വാ: ഇപ്പോഴും അതു് ഗവൺമെണ്ടിന്റെ വകയായിട്ടാണൊ വച്ചിരിക്കുന്നതു് ?

Rao Sahib Dr. T. Verghese *(Chief Medical Officer):* Belongs to Government.

മിസ്സിസ് കെ. ജൊഷ്വാ: അതു പണിയിച്ചിട്ടുള്ളതു ഗവൺമെണ്ടിന്റെ ചിലവിന്മേലാണൊ ?

LIBRARY ARCHIVES Kerala Legislative Assembly